# Malayala Manorama

# 14 August 2018

# Kochi: puthenvelikara Flood



## ഇനിയും വെള്ളമുയരുമോ?

പുത്തൻവേലിക്കര • ഇളന്തിക്കര ഗവ. എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ നാലുനാൾ താമസിച്ചശേഷം വീട്ടിലേക്കു മടങ്ങിയ കോഴിത്തുരുത്ത് നിവാസികൾക്ക് ആശങ്കയൊഴിയുന്നില്ല. ഇന്നലെ ഇടമലയാർ ഡാമിന്റെ ഷട്ടറുകൾ തുറന്നപ്പോൾ ചാലക്കുടിയാർ കരകവിഞ്ഞതോടെ പലയിടത്തും വെള്ളം കയറി. ചാലക്കുടിയാറിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണു കോഴിത്തുരുത്ത്. ഇരുന്നൂറോളം വീട്ടുകാരുണ്ടിവിടെ.

ചെറിയ ഒരു പാലമാണു കോഴിത്തുരുത്തിനെ പുറംലോകവുമായി ബന്ധിപ്പിക്കുന്നത്.

വെള്ളം കയറിയാൽ തുരുത്തിൽനിന്നു പെട്ടെന്നു പുറത്തിറങ്ങാൻപോലും കഴിയില്ലെന്നതു പ്രദേശവാസികളുടെ നെഞ്ചിൽ ഭയത്തിന്റെ കനൽ കോരിയിടുന്നു.

വീടു വൃത്തിയാക്കുന്നതിനുള്ള വസ്തുക്കൾ വാങ്ങാൻ പുത്തൻവേലിക്കര വിസിഎസ് ഹയർ സെക്കൻഡറി സ്കൂളിലെത്തിയ വിലാസനിയും കാർത്യായനിയും വിശേഷങ്ങൾ പങ്കുവയ്ക്കുന്നു.